ADJOURNMENT MOTION
STRIKE BY CASHEW WORKERS

മി. സ്പീക്കർ: ബോണസ് പ്രശ്നത്തെ സംബന്ധിച്ച് ഒരു ഒത്തുതീർപ്പുണ്ടാകാത്തതിനെ തുടർന്ന് ഒരു ലക്ഷത്തോളം കശുവണ്ടി തൊഴിലാളികൾ 7-8-1969 മുതൽ ആരംഭിച്ചിരിക്കുന്ന പണിമുടക്കിന്റെ കാര്യത്തെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനു ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള, ശ്രീ. പി. രവീന്ദ്രൻ, ശ്രീ. ചന്ദ്രശേഖരൻനായർ ശ്രീ. പി. എസ്. ശ്രീനിവാസൻ എന്നിവരുടെ നോട്ടീസ് കിട്ടിയിട്ടുണ്ട്. കഴിഞ്ഞ ദിവസം ശ്രീ. ചന്ദ്രശേഖരൻനായർ ഇതേ സംബന്ധിച്ച് ഒരു നോട്ടീസ് തന്നിരുന്നു. പക്ഷേ അന്നതന്ന നോട്ടീസിൽ 9-ാം തീയതി മുതൽ സമരം തുടങ്ങുമെന്നാണ് എഴുതിയിരുന്നത്. അതുകൊണ്ട് 9-ാം തീയതി മുതൽ തുടങ്ങുന്ന സമരത്തെ സംബന്ധിച്ചിടത്തോളം 7-ാം തീയതി അടിയന്തിര പ്രമേയം അനുവദിക്കേണ്ടതിന്റെ ആവശ്യമില്ലാതിരുന്നതുകൊണ്ടാണ് അന്ന് അതു കൺസിഡർ ചെയ്യാതിരുന്നത്. 7-ാം തീയതി മുതൽ സമരം തുടങ്ങിയിരിക്കുന്നു എന്നാണ് ഇപ്പോൾ മനസിലാക്കാൻ സാധിച്ചതു്. ഏതായാലും ഇതേ സംബന്ധിച്ച് .....

ശ്രീ. ഈ ചന്ദ്രശേഖരൻ നായർ: അതിനകത്തു് എഴുതിയിരുന്നതു് പണിമുടക്കാൻ പോകുന്നു എന്നല്ല; പണിമുടക്കിയിരിക്കുന്നു എന്നാണ്. ഏഴെന്നുള്ളതു് 9 എന്നും വായിക്കാം. അങ്ങനെ പറഞ്ഞതാണെന്നു തോന്നുന്നു. ഏതായാലും കശുവണ്ടി തൊഴിലാളികൾ ഈ മാസം ഏഴാം തീയതി മുതൽ പണിമുടക്കിയിരിക്കുകയാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: ഏഴാം തീയതി എഴുതിയ ഒരു നോട്ടീസ് ഞാനും തന്നിരുന്നു. അന്നു അതു സഭയിൽ മെൻഷൻ ചെയ്തിരുന്നതാണ്.

ആരോഗ്യമന്ത്രി (ശ്രീ. ബി. വെല്ലിംഗ്ടൺ): തൊഴിൽമന്ത്രി വന്നതിനുശേഷം അദ്ദേഹം അതിനു് മറുപടി പറയുന്നതാണ്.

ശ്രീ. ഈ. ചന്ദ്രശേഖരൻ നായർ: കഴിഞ്ഞദിവസം കൂടിയ കോൺഫറൻസ് തെറ്റിപ്പിരിഞ്ഞിരിക്കുകയാണ്. എന്തായാലും വലിയ സംഘർഷാവസ്ഥ ഉണ്ടാകാൻ പോകുകയാണ്. മന്ത്രി വന്നതിനുശേഷം ആലോചിക്കാമെന്നു പറഞ്ഞാൽ ഇനി ദിവസങ്ങളില്ല. അടിയന്തിരമായി ഗവണ്മെന്റു് ഈ കാര്യത്തിൽ ഇടപെട്ട് പ്രശ്നം പരിഹരിക്കണം.

ശ്രീ. ടി. എ. മജീദ്: ഈ വിവരങ്ങളെല്ലാം മന്ത്രിയെ നേരത്തെ അറിയിച്ചിരുന്നതാണ്. ഇത്ര ഗുരുതരമായ പ്രശ്നം ഉണ്ടായിട്ട് ലാഘവബുദ്ധിയോടെ മറുപടി പറയുന്നതു് ശരിയല്ല. പതിനായിരക്കണക്കിനു് തൊഴിലാളികളെ ബാധിക്കുന്ന ഒരു പ്രശ്നമാണിതു്. ബന്ധപ്പെട്ടവരെ ഈ പ്രശ്നം നേരത്തെ അറിയിച്ചതിനുശേഷം ഇപ്പോഴും മറുപടി പറയുന്നതിനു് നിവൃത്തിയില്ലാത്ത സാഹചര്യം ഉണ്ടായിരിക്കുന്നതു് പരിതാപകരമാണ്.

ശ്രീ. ബി. വെല്ലിംഗ്ടൺ: തൊഴിൽമന്ത്രി ഈ പ്രശ്നം കൈകാര്യം ചെയ്തുകൊണ്ടിരിക്കുകയാണ്. അദ്ദേഹം തിരുവനന്തപുരത്തില്ലെങ്കിലും, ഈ പ്രശ്നം കൈകാര്യം ചെയ്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അദ്ദേഹം വന്നതിനുശേഷം ഇതിനു് മറുപടി പറയുന്നതാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി പറയുന്ന കാര്യം വസ്തുതയുമായി ബന്ധപ്പെട്ടതല്ല. തൊഴിൽമന്ത്രി ഇതുവരെ ഈ പ്രശ്നത്തിൽ ഇടപെട്ടിട്ടില്ലെന്നുള്ളതാണ് സത്യം. ലേബർ കമ്മീഷണർ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി അതു് തെറ്റിപിരിഞ്ഞിരിക്കുകയാണ്. ഈ പ്രശ്നത്തിൽ എന്തെങ്കിലും ഒരു തീരുമാനമുണ്ടാക്കാൻ, ഉയന്നതലത്തിൽ മന്ത്രി ഈ കാര്യത്തിൽ ഇടപ്പെട്ട് എന്തെങ്കിലും ഒരു നടപടി ഇതുവരെ സ്വീകരിച്ചിട്ടില്ല. ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി വസ്തുതയുമായി യാതൊരു ബന്ധവുമില്ലാതെ, കാര്യങ്ങൾ അറിയാതെ പറയുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങളും നേരത്തെതന്നെ ഈ പ്രശ്നം ഇവിടെ ഉന്നയിച്ചതു് ഗവണ്മെൻറു് ഉടനടി ഈ കാര്യത്തിൽ ഇടപെട്ടു് ഓണത്തിനു മുൻപു തന്നെ ഈ പ്രശ്നം ഒത്തുതീർപ്പിലെത്തിക്കുന്നതിനു വേണ്ടിയാണു്. അതിനുവേണ്ടിയുള്ള ഭാഗികമായ ശ്രമങ്ങളുംപോലും ഇതുവരെ നടന്നിട്ടില്ല. ഒരു തീരുമാനമുണ്ടാകാനുള്ള സാദ്ധ്യത ഇന്നോളം വിരളമാണെന്നാണു് മുതലാളിമാരുടെ അസോസിയേഷൻറെ പ്രസ്താവനയിൽനിന്നു് കാണാൻ സാധിക്കുന്നതു്. ഒരു സംഘർഷാവസ്ഥ നിലവിലിരിക്കുകയാണു്, എന്തും സംഭവിക്കുമെന്നുള്ള സ്ഥിതിയുണ്ടു്. അങ്ങു് കഴിഞ്ഞദിവസം, അടിയന്തിരപ്രമേയത്തിനു് നോട്ടീസു് തന്നപ്പോഴും പറഞ്ഞതു്, അടിയന്തിര പ്രാധാന്യമുള്ള, ഗൗരവതരമായുള്ള കാര്യമല്ല ഇതിനുള്ളതെന്നാണു്. എന്നാൽ റൂൾ 61 അനുസരിച്ചുള്ള നോട്ടീസു് കൊടുത്താൽ ഉന്നയിക്കാവുന്നതാണെന്നും പറഞ്ഞു. അങ്ങയുടെ മേശപ്പുറത്തു് അടിയന്തിര പ്രമേയവും, റൂൾ 61 അനുസരിച്ചുള്ള നോട്ടീസും ഉണ്ടായിരുന്നു. അതു രണ്ടും ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. അതുകൊണ്ടു് ഈ കാര്യത്തിൽ അടിയന്തിരമായ നടപടി സ്വീകരിക്കണം. ആരോഗ്യമന്ത്രി പറയുന്നതുപോലെ 'ചക്കും ചുക്കുമായി' പറയേണ്ട ഒരു കാര്യമല്ല ഇതു്.

ശ്രീ. കെ. കരുണാകരൻ: സ്റ്റേറിൻെറ സാമ്പത്തിക സ്ഥിതിയെ ഗുരുതരമായ ബാധിക്കുന്ന ഒരു പ്രശ്നമായതുകൊണ്ടു് ഉടനടി ഗവണ്മെൻറു് ഈ കാര്യത്തിൽ ഇടപെടുന്നതിനു് വേണ്ട നിർദ്ദേശം അങ്ങു് കൊടുക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണു്.

ശ്രീ. ബി. വെല്ലിംഗ്ടൺ: കശുവണ്ടി വ്യവസായ രംഗത്തെ തൊഴിൽ പ്രശ്നത്തെപ്പറ്റി തൊഴിൽ മന്ത്രിക്കു് നല്ലവണ്ണം അറിയാം. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ ഈ കാര്യത്തെക്കുറിച്ചു് ചർച്ചകളും നടത്തിക്കൊണ്ടിരിക്കുകയാണു്. മന്ത്രി ഈ കാര്യത്തിൽ ഇടപെടുകയോ എന്തെങ്കിലും ചെയ്യുന്നതോ തിരുവനന്തപുരത്തുണ്ടെങ്കിൽ മാത്രമേ നടക്കുകയുള്ള എന്നുള്ള ധാരണയിലാണെന്നു തോന്നുന്നു ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു്. ഡിപ്പാർട്ടുമെൻറു് തൊഴിൽത്തർക്കത്തിൽ ഇടപെടുന്നതിനു് പല സ്റ്റെപ്പുകളുമുണ്ടു്. കൺസിലിയേഷൻ ആഫീസർ കൈകാര്യം ചെയ്തതിനു ശേഷം അദ്ദേഹത്തിനു് സാദ്ധ്യമല്ലാതെ വരുന്ന സന്ദർഭത്തിൽ ഗവണ്മെൻറിനു് റിപ്പോർട്ടു് തരുമ്പോഴാണു് മന്ത്രി ഇടപെടുന്നതു്. ഈ പ്രശ്നത്തിൽ മന്ത്രി ഇടപെട്ടുകൊണ്ടിരിക്കുകയാണു്. അതുകൊണ്ടാണു് അദ്ദേഹം വന്നതിനു ശേഷം ഈ കാര്യത്തെക്കുറിച്ചു് സഭയിൽ വേണ്ട വിശദീകരണം നൽകുമെന്നു പറഞ്ഞതു്. കശുവണ്ടി വ്യവസായ രംഗത്തെപ്പറ്റി കുറേയൊക്കെ എനിക്കും അറിയാം. അതേപ്പറ്റി യാതൊന്നും അറിയാതെയല്ല ഞാൻ പറഞ്ഞതു്.

ശ്രീ. ടി. എ. മജീദു്: ഇതൊരുവലിയ ഗുരുതരമായ പ്രശ്നമായതുകൊണ്ടു് മന്ത്രി എവിടെയാണെന്നു അറിയാൻ മാർഗ്ഗമുണ്ടെങ്കിൽ, സഭ പിരിയുന്നതിനു മുമ്പുതന്നെ ഇതുവരെ ഈ കാര്യത്തിൽ എന്തു ചെയ്തു എന്നുള്ള വിവരം അങ്ങു് അന്വേഷിച്ചു് ഞങ്ങളെ അറിയിക്കാൻ ദയവുണ്ടാകുമോ?

റവന്യൂമന്ത്രി (ശ്രീമതി. കെ. ആർ. ഗൗരി): ലേബർ മിനിസ്റ്റർ എപ്പോഴും വരുമെന്നു് എനിക്കു് ഇപ്പോഴും പറയാൻ കഴിയുകയില്ല. ഇതു വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണെന്നു ഗവണ്മെൻറു് മനസിലാക്കുന്നുണ്ടു്. വളരെ കൂടുതൽ തൊഴിലാളികളെ ബാധിക്കുന്ന ഒരു പ്രശ്നമായതുകൊണ്ടു് ഒത്തുതീർപ്പുണ്ടാക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളും പല ഭാഗത്തുനിന്നും നടത്തുന്നുണ്ടു്. ഏതായാലും ഇതേസംബന്ധിച്ചു് ലേബർ മിനിസ്റ്റർ വന്നില്ലെങ്കിൽ, നാളെ എന്താണു് വിവരമെന്നുള്ളതിനെ സംബന്ധിച്ചു് അന്വേഷിച്ചു് അറിയിക്കാം. അതിനുശേഷം മറ്റു കാര്യങ്ങളെപ്പറ്റി അന്വേഷിക്കാം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട റവന്യൂമന്ത്രി ഇതേസംബന്ധിച്ചു് നടത്തിയ ഉറപ്പു് അനുസരിച്ചു് ഈ പ്രമേയം ഇപ്പോൾ എടുക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly